(സി) ഈ തസ്തികകളിൽ എത്ര എണ്ണം അനുവദിച്ച് ഉത്തരവാക്കിയിട്ടുണ്ട് ; കോടതി തിരിച്ച് തസ്തികയും എണ്ണവും വിവരിക്കുമോ;

(ഡി) പ്രസ്തുത കോടതികൾ എപ്പോൾ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; തടസ്സങ്ങൾ വല്ലതുമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 25-2-2014 സ.ഉ.(എംഎസ്.) നമ്പർ 39/14/ ആഭ്യന്തരം പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വിചാരണ ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ ഒരു കോടതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 13-5-2014 തീയതിയിലെ സ.ഉ.(എംഎസ്.) 94/14/ആഭ്യന്തരം പ്രകാരം എൻ.ഐ.ആക്ട് കേസുകൾ വിചാരണ ചെയ്യുന്നതിനായി ജില്ലയിൽ ഒരു താൽക്കാലിക കോടതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി (എ) ചേർക്കുന്നു.*

(സി) സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കോടതിയിലെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. എൻ.ഐ. ആക്ട് കേസുകൾക്കുള്ള താൽക്കാലിക കോടതിയിൽ ആകെ 10 എന്ന സ്റ്റാഫ് പാറ്റേണിൽ നാല് സ്ഥിരം തസ്തികകളും ആറ് താൽക്കാലിക തസ്തികകളും അനുവദിച്ചിട്ടുണ്ട്. വിവരം അനുബന്ധമായി (ബി) ചേർക്കുന്നു.*

(ഡി) എൻ. ഐ. ആക്ട് കേസുകൾക്കുള്ള താൽക്കാലിക കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ഏറ്റെടുക്കുന്ന മുറയ്ക്കും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വിചാരണ ചെയ്യുന്ന കോടതിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്കും രണ്ട് കോടതികളും പ്രവർത്തിച്ചു തുടങ്ങും.

ചാലക്കുടിയിൽ കോടതി സമുച്ചയം

36 (3667) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ വിവിധ കോടതികൾ ഒരുമിച്ച് പ്രവർത്തിക്കുവാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഒരു കോടതി സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാലക്കുടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 900 ലക്ഷം രൂപ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ട നിർദ്ദേശം ഹൈക്കോടതി രജിസ്ട്രാർ 1-12-2014-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

തീർപ്പാകാത്ത കോടതി കേസുകൾ

37 (T3668) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ സംസ്ഥാനത്തെ കോടതികളിൽ എത്ര കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-8-2014-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ സിവിൽ വിഭാഗത്തിൽ 106412- ഉം ക്രിമിനൽ വിഭാഗത്തിൽ 34130 കേസ്സുകളും ജില്ലാ കോടതി ഉൾപ്പെടെയുള്ള സബോർഡിനേറ്റ് കോടതികളിൽ 30-9-2014 -ലെ കണക്ക് പ്രകാരം 424884 കേസുകൾ സിവിൽ വിഭാഗത്തിലും 970024 കേസുകൾ ക്രിമിനൽ വിഭാഗത്തിലും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ്കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടികിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Spécial list system, unit system, target fixation എന്നീ രീതി നടപ്പാക്കി വരുന്നുമുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ എന്നിവ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽകാലിക ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടികിടക്കുന്ന

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly